# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.784** 05.02.2020-ൽ മറുപടിയ്ക്ക്

## വിദേശ സർവ്വകലാശാല പഠനത്തിനുള്ള ധനസഹായം

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| **ശ്രീ.വി.കെ.സി.മമ്മത് കോയ** | | **എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി/പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്ക് വിദേശ സർവ്വകലാശാലകളിൽ പഠനം നടത്തുന്നതിനുള്ള ധനസഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതി വിപുലീകരിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് വിദേശത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്നതിന് ധനസഹായം നൽകുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ നിശ്ചയിച്ച് സ.ഉ.(എം.എസ്) 81/2017/പജപവവിവ, തീയതി 04/10/2017 പ്രകാരം ഉത്തരവായിട്ടുണ്ട്. സ.ഉ(എം.എസ്) 22/2019/പജപവവിവ തീയതി 19/03/2019 പ്രകാരം വിദേശ പഠന സഹായ തുക പരമാവധി 25 ലക്ഷം രൂപയായി നിശ്ചയിച്ചിട്ടുണ്ട്.<br><br>പിന്നാക്ക വിഭാഗം വിദ്യാർത്ഥികൾക്ക് ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി പ്രകാരം ടൈംസ് ഹയർ എഡ്യൂക്കേഷൻ ലോകറാങ്കിങ്ങിൽ ആദ്യ 200 യൂണിവേഴ്സിറ്റികളിൽ പഠനം നടത്തുന്നവർക്കാണ് ആനുകൂല്യം അനുവദിച്ചിരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 2017-18 സാമ്പത്തിക വർഷം പ്രസ്തുത റാങ്ക് പട്ടികയിൽ ആദ്യ 600 വരെയുള്ള യൂണിവേഴ്സിറ്റികളിൽ പഠനം നടത്തുന്നവരെ കൂടി ഈ പദ്ധതി പ്രകാരം ആനുകൂല്യം അനുവദിക്കുന്നതിന് പരിഗണിച്ചു. കൂടാതെ ആനുകൂല്യം അനുവദിക്കുന്നതിനുള്ള പഠന വിഷയങ്ങളിൽ 2017-18 വർഷം മുതൽ നിയമം, സോഷ്യൽ സയൻസ് എന്നിവ കൂടി ഉൾപ്പെടുത്തി പദ്ധതി വിപുലീകരിക്കുക വഴി ഈ ഇനത്തിലുള്ള ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇതുവരെ എത്ര വിദ്യാർത്ഥികൾക്കാണ് ഈ തരത്തിൽ ധനസഹായം ലഭ്യമാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; കോഴിക്കോട് ജില്ലയിൽ എത്ര വിദ്യാർത്ഥികൾക്കാണ് ഈ തരത്തിൽ ധനസഹായം ലഭ്യമാക്കിയിട്ടുള്ളതെന്ന വിവരങ്ങൾ ലഭ്യമാക്കാമോ? | (ബി) | പട്ടികജാതി വിഭാഗത്തിൽ 2017-18-ൽ 9 വിദ്യാർത്ഥികൾക്കും, 2018-19 -ൽ 7 വിദ്യാർത്ഥികൾക്കും 2019-20-ൽ (ഇതു വരെ) 20 വിദ്യാർത്ഥികൾക്കും വിദേശ പഠനത്തിന് ധനസഹായം നൽകിയിട്ടുണ്ട്.<br>കോഴിക്കോട് ജില്ലയിൽ നിന്നും 2018-19 സാമ്പത്തിക വർഷം 2 പട്ടികജാതി വിദ്യാർത്ഥികൾക്ക് ധനസഹായം ലഭിച്ചിട്ടുണ്ട്.<br>2015-16 വർഷം ആരംഭിച്ച ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി പ്രകാരം നാളിതുവരെ പിന്നാക്ക വിഭാഗ വികസന വകുപ്പ് വഴി ആകെ 62 പിന്നാക്ക വിഭാഗം വിദ്യാർത്ഥികൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. ആയതിൽ കോഴിക്കോട് ജില്ലയിൽ നിന്നും 8 പേർക്കാണ് ധനസഹായം ലഭ്യമായിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**